(ബി) മുനിസിപ്പൽ/കോർപ്പറേഷനുകളിൽ ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	കേന്ദ്ര സംസ്ഥാന അനുപാതം
1	ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)	75:25
2	സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ല്യു.എം.പി.)	90:10
3	പിന്നോക്ക മേഖലാ വികസന നിധി (ബി.ആർ.ജി.എഫ്.)	100 ശതമാനം കേന്ദ്രാവിഷ്കൃതം

(ബി) ഇല്ല.

കൊട്ടാരക്കര വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽപ്പെടുന്ന പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ

13 (1409) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽപ്പെടുന്ന പി.എം.ജി.എസ്.വൈ. പ്രകാരമുള്ള എത്ര പ്രവൃത്തികൾ പണി ആരംഭിച്ചിട്ട് പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ടെണ്ടർ ചെയ്ത് കരാറുകാർ ഏറ്റെടുത്ത ശേഷം നിർമ്മാണം ആരംഭിക്കാതിരിക്കുന്നതും കരാറുകാർ ഏറ്റെടുക്കാതിരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) അനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ ചെയ്യേണ്ടതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly